പരപ്പനങ്ങാടി സയൻസ് പാർക്ക് & പ്ലാനറ്റോറിയത്തിന്റെ നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഫണ്ടിന്റെ ലഭ്യതയനുസരിച്ച്, ഉപകരണങ്ങൾ സ്ഥാപിക്കുന്നത് ഉൾപ്പടെയുള്ള നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതാണ്.

ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി സിവിൽ സർവ്വീസ് അക്കാദമി

153(1138) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്ന ആലപ്പുഴ ലജനത്തുൽ മുഹമ്മദീയ്യ കേന്ദ്രമാക്കി ആരംഭിക്കുന്ന സിവിൽ സർവ്വീസ് അക്കാദമിയുടെ പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

സ.ഉ.(സാധാ) നമ്പർ 495/2020/ഉവിവ 25-3-2020 പ്രകാരം ആലപ്പുഴ, ലജ്നത്തുൾ മുഹമ്മദിയ്യ കേന്ദ്രമാക്കി ഒരു സിവിൽ സർവ്വീസ് അക്കാദമി ആരംഭിക്കുന്നതിനും ടി അക്കാദമിയുടെ പ്രാരംഭ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 2019-20 വർഷത്തെ ബഡ്ജറ്റിൽ സർക്കാർ വകയിരുത്തിയ 20 ലക്ഷം രൂപ 2202-80-04-82 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നും ചെലവഴിക്കുന്നതിനും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ.ഉ. (സാധാ) നമ്പർ 858/2020/ഉവിവ 25-6-2020 പ്രകാരം മേൽ തുക റിലീസ് ചെയ്ത് സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇത് ഒരു one time assistance എന്ന നിലയ്ക്കാണ് അനുവദിച്ചിട്ടുള്ളത്. ടി അക്കാദമിയുടെ നിർമ്മാണത്തിനായി 2021-22 സാമ്പത്തിക വർഷം രണ്ടാം ഗഡുവായി 20 ലക്ഷം രൂപ കൂടി സർക്കാർ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ലജ്നത്തുൽ മുഹമ്മദിയ്യ എന്ന സംഘടനയുടെ കീഴിൽ വരുന്നതാണ് സിവിൽ സർവീസ് അക്കാദമി. ഇതിനുള്ള സാമ്പത്തിക സഹായം മാത്രമേ സർക്കാർ തലത്തിൽ നൽകിയിട്ടുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly